സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - TDB Temple Renovation Fund ശേഖരണം - ജീവനക്കാർ സംഭാവന നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 430/15/Est-I** നന്തൻകോട്, **18/09/2018**

---

പരാമർശം :- 1) 30-08-2018 ലെ ROC 10079/18/Sab നമ്പർ ബോർഡുത്തരവ്.

2) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 17-09-2018 ലെ DA 523/18/B1 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

സംസ്ഥാനത്തുണ്ടായിട്ടുള്ള പ്രളയത്തെ തുടർന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ക്ഷേത്രങ്ങളിലും പമ്പയിലും സംഭവിച്ചിട്ടുള്ള നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കുമായി ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം TDB Temple Renovation Fund ലേക്ക് സംഭാവന ചെയ്യുന്നതിന് ബോർഡ് തീരുമാനിച്ചിരുന്നു (പരാമർശം -1).

ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) 30154/18 -ാം നമ്പരായി ഹർജി പരിഗണനയിലിരിക്കുന്ന സാഹചര്യത്തിൽ പരാമർശം 1 ഉത്തരവ് പുനർപരിശോധിച്ച് ഭേദഗതി ചെയ്ത് ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

1. ദേവസ്വം ബോർഡിന്റെയും ജീവനക്കാരുടേയും നിലനിൽപ്പിനെ തന്നെ ബാധിക്കുന്ന പ്രശ്നമായ ക്ഷേത്രങ്ങളുടെ തകർച്ചയെ നേരിടുന്നത് മുൻനിർത്തിയാണ് പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. ഒരു കാരണവശാലും നിർബന്ധിതമായി ജീവനക്കാരുടെ ശമ്പളം കുറവ് ചെയ്യുവാൻ ബോർഡ് ഉദ്ദേശിക്കുന്നില്ല. എന്നാൽ സാഹചര്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഒരു മാസത്തെ ശമ്പളത്തിന്റെ തുല്യമായ തുകയെങ്കിലും പുനരുദ്ധാരണ ഫണ്ടിലേക്ക് ജീവനക്കാർ സ്വമേധയാ സംഭാവന ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.
2. മേൽപ്രകാരം സംഭവാന നൽകാൻ തയ്യാറുള്ള ജീവനക്കാർ സംഭാവന തുകയും, കാലവധിയും വ്യകതമാക്കി ഒരു സമ്മതപത്രം ആഫീസ് മേധാവി മുമ്പാകെ അടുത്ത ശമ്പള ബിൽ തീയതിക്ക് മുമ്പായി നൽകേണ്ടതാണ്.
3. മേൽ പ്രകാരം ജീവനക്കാരുടെ ശമ്പളം TDB Temple Renovation Fund ലേക്ക് സംഭാവന നൽകുന്നത് സംബന്ധിച്ച് ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും ബോർഡുത്തരവാകുന്നു.
   a. ഒരു മാസത്തെ ശമ്പളത്തുക കണക്കാക്കേണ്ടത് 2018 സെപ്റ്റംബർ മാസത്തെ 'ഗ്രോസ് സാലറി' അടിസ്ഥാനമാക്കിയാണ്.
   b. ഒരു മാസത്തെ ആകെ ശമ്പളത്തിന് തുല്യമായ തുക പരമാവധി 10 ഗഡുക്കളായി നൽകാവുന്നതാണ്.

(മറുപുറം)

c. പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് ജീവനക്കാർ മുൻപ് സംഭാവന നൽകിയിട്ടുണ്ടെങ്കിൽ ആയത് ഒരു മാസത്തെ ശമ്പളത്തുകയിൽ നിന്നും കുറവ് വരുത്തി ബാക്കിയുള്ള തുക മാത്രം സംഭാവനയായി സ്വീകരിക്കുന്നതാണ്.

d. ജീവനക്കാർ ശമ്പളത്തിൽ നിന്നും സംഭാവനയായി നൽകുന്ന തുക 2018 സെപ്റ്റംബർ മാസത്തെ ശമ്പളം മുതൽ കുറവ് വരുത്തിതുടങ്ങേണ്ടതാണ്.

e. ജീവനക്കാർക്ക് തങ്ങളുടെ പ്രോവിഡന്റ്ഫണ്ടിൽ നിന്നും സെപ്റ്റംബർ മാസത്തെ ശമ്പളത്തിന് തുല്യമായ തുക TDB Temple Renovation Fund ലേക്ക് അടയ്ക്കാവുന്നതാണ്. ഇതിനുള്ള അപേക്ഷ ജീവനക്കാർ അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

f. ജീവനക്കാർക്ക് താൽപര്യമുള്ളപക്ഷം ഒരു മാസത്തെ ശമ്പളം നൽകുന്നതിന് പകരമായി സെപ്റ്റംബർ മാസത്തെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്ത് അവധി ശമ്പളം TDB Temple Renovation Fund ലേക്ക് സംഭാവനയായി നൽകാവുന്നതാണ്. എന്നാൽ നടപ്പു സാമ്പത്തിക വർഷം ഒരു പ്രാവശ്യം സറണ്ടർ ചെയ്ത് കഴിഞ്ഞ ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ടിൽ 30 ദിവസത്തെ അവധി അവശേഷിക്കുന്നുവെങ്കിൽ TDB Temple Renovation Fund ൽ അടയ്ക്കുന്നതിന് വേണ്ടി അവർക്ക് ഒരു പ്രാവശ്യം കൂടെ 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് പ്രത്യേകാനുമതി നൽകുന്നു. ഇതിനുള്ള അപേക്ഷ ജീവനക്കാർ അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

g. പത്ത് മാസംകൊണ്ട് ഗ്രോസ് സാലറി സംഭാവന ചെയ്യാൻ സാധിക്കാത്ത ജീവനക്കാർക്ക് പി.എഫ്. വായ്പ തിരിച്ചടവിന് സെപ്റ്റംബർ 2018 ലെ ശമ്പളം മുതൽ പത്ത് മാസത്തേക്ക് അവധി അനുവദിക്കുന്നു. എന്നാൽ തിരിച്ചടവ് കാലാവധിക്ക് മുൻപ് റിട്ടയർ ചെയ്യുന്ന ജീവനക്കാരുടെ തിരിച്ചടവിൽ ബാക്കിയുള്ള തുക അവരുടെ ഡി.സി.ആർ.ജി. യിൽ ക്രമീകരിക്കുന്നതായിരിക്കും.

h. ശമ്പളപരിഷ്ക്കരണ കുടിശ്ശികയ്ക്ക് അർഹതയുള്ള ജീവനക്കാരുടെ കുടിശ്ശിക ഇതിലേക്ക് വരവ് ചെയ്യാവുന്നതാണ്. ഇങ്ങനെയുള്ളവരുടെ കുടിശ്ശിക ഇതിലേക്ക് വരവ് ചെയ്തതിനുശേഷം ബാക്കിയുള്ള തുക ഒറ്റതവണയായോ പരാമവധി 10 ഗഡുക്കളായോ നൽകാവുന്നതാണ്.

i. ഇപ്രകാരം സ്വീകരിക്കുന്ന സംഭാവന തുക TDB Temple Renovation Fund ന്റെ പേരിൽ ധനലക്ഷ്മി ബാങ്കിൽ ആരംഭിച്ചിട്ടുള്ള 027500100061457 എന്ന അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

j. ഓരോ മാസവും മേൽപ്രകാരം ലഭിക്കുന്ന തുക സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് ചെല്ലാൻ സഹിതം അടുത്ത മാസം 10 -ാം തീയതിക്കുള്ളിൽ ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ ലഭിക്കുംവിധം അയക്കേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ജോയിന്റ് ഡയറ്കടർ, സംസ്ഥാന ആഡിറ്റ് വിഭാഗം, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. ഇ.ഡി.പി. സെക്ഷൻ
4. ലെയ്സൺ ഓഫീസർ
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK